I ഇ.ബി. XII - കേരള നിയമസഭ/XV-15

**പന്ത്രാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 ജൂലൈ 16, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധക്ഷണിക്കൽ

(1) എം.ഡി.ആർ. വിഭാഗത്തിൽപ്പെട്ട റോഡുകൾ

ശ്രീ. കെ. സി. ജോസഫ് : സംസ്ഥാനത്ത് പഞ്ചായത്തീരാജ് നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി നേരത്തെ പി.ഡബ്ല്യൂ.ഡി. കൈകാര്യം ചെയ്തിരുന്ന ഒ.ഡി.ആർ. പഞ്ചായത്തുകൾക്ക് കൈമാറുകയും സർക്കാർ ഇതുസംബന്ധിച്ച് നിരവധി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടു ണ്ട്. രണ്ടോ അതിലധികമോ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡു കൾ ത്രിതല പഞ്ചായത്തുകൾക്ക് കൈകാര്യം ചെയ്യാൻ പ്രയാസമാണെങ്കിലും പി.ഡബ്ല്യൂ.ഡി.ക്ക് അതിനുള്ള ഫീസിബിലിറ്റിയുണ്ട്. ഇരിക്കൂർ മണ്ഡലത്തിലെ പ്രധാനപ്പെട്ട പല റോഡുകളും എം.ഡി.ആർ. പട്ടികയിൽ നിന്ന് മാറ്റി പഞ്ചായത്തിന് കൈമാറിയിരിക്കുകയാണ്. അഞ്ചുകോടി രൂപ

ചെലവഴിച്ച് പി.ഡബ്ല്യൂ.ഡി. നിർമ്മിച്ച പാവന്നൂർക്കടവ് പാലം ഉൾക്കൊള്ളുന്ന മയിൽ-ശ്രീകണ്ഠാപുരം റോഡ്, മുനമ്പ് കടവ് പാലം ഉൾക്കൊള്ളുന്ന കണിയാർവയൽ-മലപ്പട്ടം മുനമ്പ് കടവ് റോഡ് എന്നിങ്ങനെ പി.ഡബ്ല്യൂ.ഡി. പണി ചെയ്ത നിരവധി റോഡുകൾ തിരികെ പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കു കയാണ്. എം.ഡി.ആർ. വിഭാഗത്തിൽപ്പെട്ട റോഡുകളും നേരത്തെ പി.ഡബ്ല്യൂ.ഡി. കൈകാര്യം ചെയ്തിരുന്ന ഒ.ഡി.ആർ. വിഭാഗത്തിൽപ്പെട്ടവയും പി.ഡബ്ള്യു.ഡി. തന്നെ ഏറ്റെടുത്ത് മെയിന്റനൻസ് നടത്താനുള്ള സംവിധാന മുണ്ടാക്കണം. സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുപോലും ഇക്കാര്യ ത്തിൽ തീരുമാനമുണ്ടായിട്ടില്ല. അതുകൊണ്ട് ഇരിക്കൂർ മണ്ഡലത്തിലെ രണ്ടോ അതിലധികമോ പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്ന പ്രധാനപ്പെട്ട റോഡുകൾ പ്രത്യേകിച്ച് നേരത്തെ ഒ.ഡി.ആർ. കാറ്റഗറിയിൽപ്പെട്ട റോഡുക ളെങ്കിലും എം.ഡി.ആർ. ആക്കിയില്ലെങ്കിൽ ഇരിക്കൂർ മണ്ഡലത്തിലും പ്രത്യേകിച്ച് മലയോര മേഖലകളിൽ വലിയ പ്രയാസങ്ങളുണ്ടാക്കും. ഇതു സംബന്ധിച്ച് വ്യക്തമായ തീരുമാനം ഉണ്ടാക്കുന്നതിനും സബ്ജ്ക്ട് കമ്മിറ്റി യിൽ ചർച്ച ചെയ്ത് പൊതുവായ മാനദണ്ഡമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u>: റോഡുകളുടെ ഉടമസ്ഥത സംബന്ധിച്ചുള്ള അവ്യക്തത അവയുടെ മെയിന്റനൻസിനെ പ്രതികൂലമായി ബാധിച്ചതിന്റെ ഫലമായി പല റോഡുകളുടേയും സ്ഥിതി ശോചനീയമാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റ് എടുത്ത നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇപ്പോൾ തീരുമാനിച്ചിരിക്കു ന്നതുപ്രകാരം നിലവിലുള്ള ഒ.ഡി.ആർ.-കളിൽ ജില്ലാ പഞ്ചായത്തുകൾ കൈകാര്യം ചെയ്തിരുന്ന റോഡുകളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

അതൊഴിച്ചു ബാക്കി ഒ.ഡി.ആർ. വിഭാഗത്തിൽപ്പെട്ട റോഡുകളും പി.ഡബ്ല്യൂ.ഡി. മെയിന്റനൻസും റീ-സർഫേസിംഗും നടത്തുന്നതാണ്. വരുന്ന നവംബർ മാസത്തോടെ ഇന്നുള്ള പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. അതിനുശേഷം എം.ഡി.ആർ. ആകാൻ യോഗ്യതയുള്ള റോഡുകൾ പി.ഡബ്ല്യൂ.ഡി.-ക്കും ബാക്കിയുള്ള ഒ.ഡി.ആർ. നിയമത്തിൽ പറയുന്നതനുസരിച്ച് ജില്ലാ പഞ്ചായത്തിനും കൈമാറുന്നതാണ്. ഇതുസംബന്ധിച്ച് കൃത്യമായ വ്യവസ്ഥ ഡിസംബർ മാസത്തിനുള്ളിൽ കൊണ്ടുവരുന്നതുമാണ്. റോഡുകളുടെ ഉടമസ്ഥതയെക്കുറിച്ചുള്ള തർക്കം റോഡിന്റെ മെയിന്റനൻസിന് തടസ്സമാകുകയില്ല. റോഡിന്റെ കുഴി അടയ്ക്കുന്ന കാര്യങ്ങളാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. വളരെ സുതാര്യമായ രീതിയിൽ മാനദണ്ഡമുണ്ടാക്കി പരസ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇനി ഒ.ഡി.ആർ. എം.ഡി.ആർ. ആക്കുകയുള്ളൂ.

(2) <u>പച്ചക്കറി ഉൽപ്പാദനം</u>

<u>ശ്രീ. രാജു എബ്രഹാം</u>: സംസ്ഥാനത്തിന് ആവശ്യമുള്ള പച്ചക്കറിയുടെ ഏകദേശം 15 ശതമാനം വരെ മാത്രമാണ് കേരളത്തിൽ ഉൽപാദിപ്പിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന പച്ചക്കറി, അരി, പാൽ എന്നീ ഭക്ഷണ സാധനങ്ങൾ മാരകമായ കീടനാശിനികൾ അടങ്ങിയിരിക്കുന്നതാണ്. സംസ്ഥാനത്ത് നല്ല പ്ലാനിംഗോടുകൂടി പച്ചക്കറി കൃഷി വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. ഏറെ താമസിയാതെ അന്യസംസ്ഥാനങ്ങളിൽനിന്നും പച്ചക്കറി ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. പഞ്ചായത്തുകളുടെ അടുത്ത പദ്ധതി കാലയളവിൽ വി.എഫ്.പി.സി.കെ., ആർ.കെ.വി.വൈ. എന്നിവ മുഖാന്തിരം ത്രിതല

പഞ്ചായത്തുകൾക്ക് കൃഷിക്കുവേണ്ടി ഫണ്ട് നൽകി പദ്ധതി തയ്യാറാക്കാൻ നടപടി സ്വീകരിച്ചാൽ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തിലെങ്കിലും പച്ചക്കറി ക്ഷാമം പരിഹരിക്കാൻ കഴിയുകയുള്ളു. അത്തരത്തിൽ ദീർഘവീക്ഷണത്തോടുകൂടി പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഫ്ളാറ്റുകളൊഴിച്ചുള്ള നഗരത്തിലേയും ഗ്രാമങ്ങളിലേയും എല്ലാ വീടുകളിലും പച്ചക്കറി ഉൽപ്പാദനം നടത്തുന്നതിന് 100 രൂപയ്ക്ക് വളവും വിത്തും നൽകുന്ന പദ്ധതി നടപ്പിലാക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : നെല്ലുൽപ്പാദനത്തിൽ വർദ്ധനവുണ്ടായെങ്കിലും ഉപഭോഗത്തിനനുസൃതമായി ഉൽപ്പാദനം വർദ്ധിച്ചിട്ടില്ല. കേരളത്തിലെ 40 ലക്ഷം വീടുകളിലെങ്കിലും പച്ചക്കറി കൃഷി ചെയ്യാൻ സാധിച്ചാൽ അന്യാശ്രയം ഇല്ലാതാക്കാൻ സാധിക്കും. അതുകൊണ്ട് നിലവിലുള്ള എല്ലാ പദ്ധതികളും കൂട്ടിയോജിപ്പിച്ച് ഗ്രാമങ്ങളിലെ ഓരോ വീട്ടിലും കൃഷി ചെയ്യാൻ തീരുമാനിച്ചാൽ മൂന്നേകാൽ ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപാദിപ്പിക്കാൻ കഴിയുന്നതാണ്. കഴിഞ്ഞ വർഷം 40000 ടൺ പച്ചക്കറി അധികമായി കേരളത്തിൽ ഉൽപ്പാദിപ്പിച്ചു. പഞ്ചായത്തിന്റെയും കുടുംബശ്രീയുടേയും പദ്ധതികൾ കൂടാതെ പച്ചക്കറി കൃഷിക്കായി പതിനൊന്നേകാൽ കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. മൈനർ ഇറിഗേഷന്റെ സഹായംകൂടി ലഭിച്ചാൽ മൂന്നേകാൽ ലക്ഷം ടൺ പച്ചക്കറി ഉൽപാദിപ്പിക്കാനും അടുത്ത നാലുവർഷംകൊണ്ട് അന്യാശ്രയം അവസാനിപ്പിക്കാനും സാധിക്കും. ഈ വർഷംതന്നെ എല്ലാ കോർപ്പറേഷനുകളിലും പച്ചക്കറി കൃഷി ചെയ്യാൻ കഴിയുന്ന വീടുകളിൽ 10000 പച്ചക്കറി വിത്തുകളും വളവും

സൗജന്യമായി കൊടുക്കുന്നുണ്ട്. വി.എഫ്.പി.സി.കെ. സംസ്ഥാനത്തുടനീളം 25 ലക്ഷം തൈകൾ കൊടുക്കുന്നുണ്ട്.

## സബ്മിഷൻ

(1) വിദേശ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. മുരളി.: എട്ട് മാസമായി ശമ്പളമില്ലാതെ സൗദിഅറേബ്യയിലെ അല്കോബാറിലെ ജദാവൽ ഇന്റർനാഷണൽ കമ്പനിയിൽ ജോലി ചെയ്തുവന്നിരുന്ന 26 മലയാളികളടക്കം 42 ഭാരതീയരെ രക്ഷിക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെടുത്തിയ അന്നുതന്നെ വിഷയത്തിന്റെ അടിയന്തിര സാഹചര്യവും തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളും ചൂണ്ടിക്കാണിച്ചുകൊണ്ടും തൊഴിലാളികളെ രക്ഷിച്ച് അവർക്ക് ലഭിക്കാവുന്ന ആനുകൂല്യങ്ങൾ നൽകി അടിയന്തിരമായി നാട്ടിലേയ്ക്ക് അയയ്ക്കാനുള്ള സൗകര്യങ്ങൾ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും സൗദിഅറേബ്യയിലെ ഇൻഡ്യൻ അംബാസിഡർക്ക് നോർക്ക സെക്രട്ടറി ഫാക്സ് സന്ദേശം അയയ്ക്കുകയും 15-7-2010-ന് കത്തയയ്ക്കുയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ തുടർനടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

(2) ഇ.കെ. നായനാർ സ്മാരക ഗവൺമെന്റ് ആശുപത്രി

ശ്രീ. സി. കെ.പി. പത്മനാഭൻ : തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഇ.കെ. നായനാർ സ്മാരക ഗവണ്മെന്റ് ആശുപത്രിയിൽ മാതൃ-ശിശു

ഐ.പി. വിഭാഗം ആരംഭിക്കുന്നതിനും മലിനീകരണപ്ലാന്റിന്റെ പൂർത്തീകരണത്തിനും വൈദ്യുതി, കുടിവെള്ളം എന്നിവ സംബന്ധിച്ച് തീരുമാനമുണ്ടാകുന്നതിനും പണിതീരാനുള്ള കെട്ടിടങ്ങളുടെ ശേഷിച്ച വർക്കുകൾ പൂർത്തീകരിക്കുന്നതിനും ആശുപത്രിയുടെ പുറത്തുള്ള സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ) : മാങ്ങാട്ടുപറമ്പ് ഇ.കെ. നായനാർ സ്മാരക ആശുപത്രിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിക്കുള്ള കെട്ടിടനിർമ്മാണം 28 വർഷം മുമ്പായിരുന്നു തുടങ്ങിയത്. ഇടയ്ക്കുവച്ച് പ്രവൃത്തി നിലയ്ക്കുകയും ഈ സർക്കാർ വന്നതിനുശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തു. ഒ.പി.യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; ഏതാനും ദിവസങ്ങൾക്കുള്ളിൽ ഐ.പി. വിഭാഗത്തിന്റെ പ്രവർത്തനവും ആരംഭിക്കാൻ കഴിയുന്ന വിധത്തിൽ മറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും കുടിവെള്ളത്തിന്റേയും വൈദ്യുതിയുടേയും പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. നാലുനില കെട്ടിടത്തിന്റെ ആദ്യത്തെ രണ്ടുനിലകളാണ് പൂർത്തിയാക്കിയിട്ടുള്ളത്. വാർഡിന്റെ പണിയും പൂർത്തിയാക്കാനുണ്ട്. എത്രയുംപെട്ടെന്ന് വൈദ്യുതി ലഭ്യമാക്കാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും ഫർണിച്ചർ, ഓപ്പറേഷൻ തിയേറ്ററിലേക്കുള്ള ഉപകരണങ്ങൾ എന്നിവ നൽകാനുള്ള നടപടിയുമായിട്ടുണ്ട്. പുതുതായി 59 തസ്തിക സൃഷ്ടിക്കാനുള്ള അനുമതി ധനകാര്യവകുപ്പ് നൽകിയിട്ടുണ്ട്. അവിടത്തെ സ്ഥലം ഉപയോഗപ്പെടുത്തി കണ്ണൂർ ജില്ലയിൽ

മരുന്ന് ഗോഡൗൺ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. എത്രയും പെട്ടെന്ന് അതിന്റെ പണിയും തുടങ്ങുന്നതാണ്.

(3) സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ

ശ്രീ. സി.ടി. അഹമ്മദ് അലി : ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവർക്കുൾപ്പെടെ പെട്ടെന്ന് പാസ്പോർട്ട് ലഭിക്കുന്നതിന് സ്പെഷ്യൽ പോലീസ് വേരിഫിക്കേഷന് സർട്ടിഫിക്കറ്റ് കിട്ടുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേന്ദ്രസർക്കാർ പാസ്പോർട്ട് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. പാസ്പോർട്ട് അപേക്ഷകർക്ക് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഇപ്പോൾ തഹസീൽദാർമാർക്കും സ്റ്റേഷൻ ഹൗസ് ആഫീസർമാർക്കും നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇത്തരം സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ അധികവും ലഭിക്കുന്നത് ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും കമ്മീഷണർമാരുടെ ഓഫീസിലുമാണ്. പെട്ടന്ന് പാസ്പോർട്ട് ലഭിക്കുന്നതിനുള്ള തൽക്കാൽ സ്കീമിന്റെ ഭാഗമായി സ്പെഷ്യൽ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് യഥാസമയം തന്നെ നൽകി വരുന്നുണ്ട്. ഹജ്ജ്പോലുള്ള പുണ്യകർമ്മങ്ങളിൽ പങ്കെടുക്കാൻ പോകുന്നതിനുവേണ്ടി എമർജൻസി പാസ്പോർട്ടിനുള്ള അപേക്ഷകളിന്മേൽ കാലതാമസമുണ്ടായതായി ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. ഹജ്ജ് തീർത്ഥാടനത്തിനു പോകുന്നവർക്ക് യാതൊരു തടസ്സവും കൂടാതെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാനും നിയമാനുസൃതമുള്ള

രേഖകൾ സഹിതം സത്യസന്ധമായി ഹാജരാക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്നും ഗവൺമെന്റ് നിർദ്ദേശം നൽകുന്നതാണ്.

(4) ഹർത്താലും ബന്ദും റഗുലേറ്റ് ചെയ്യുന്നതിനുള്ള ബിൽ

ശ്രീ. ജോസസഫ് എം. പുതുശ്ശേരി : നിയമ പരിഷ്ക്കരണ കമ്മീഷൻ റിപ്പോർട്ടിലെ ഹർത്താലും ബന്ദും റെഗുലേറ്റ് ചെയ്യാനുള്ള ശുപാർശ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഹർത്താലും ബന്ദും റെഗുലേറ്റ് ചെയ്യുന്നതിനുള്ള ബിൽ നടപ്പിലാക്കുക എന്ന നിയമപരിഷ്കരണ കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശയെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. സങ്കീർണ്ണ സാമൂഹികപ്രശ്നമായതിനാൽ രാഷ്ട്രീയപാർട്ടികളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളൂ.

(5) നെല്ല് സംഭരണം

ശ്രീ. പള്ളിപ്രം ബാലൻ : കാസർഗോഡ് ജില്ല ഉൾപ്പെടെ മലബാർ മേഖലയിൽനിന്നും സർക്കാർ നിശ്ചയിച്ച റേറ്റിൽ നെല്ല് സംഭരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ് നെല്ല് സംഭരണം നടത്തുന്നത്. കേരളത്തിലെ മൊത്തം നെല്ലുൽപ്പാദനത്തിന്റെ 80 ശതമാനവും പാലക്കാട്, കോട്ടയം, തൃശ്ശൂർ, മലപ്പുറം, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിൽ

നിന്നാണ്. സംഭരിക്കുന്ന നെല്ല് കാലടിയിലുള്ള സ്വകാര്യമില്ലുകളിലാണ് പ്രോസസ്സ് ചെയ്യുന്നത്. വിദൂരപ്രദേശങ്ങളിൽനിന്നും നെല്ല് സംഭരിച്ച് കാലടിയിൽ കൊണ്ടുവരുന്നതിന് ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് കൂടുതലായി വേണ്ടിവരുന്നു. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽനിന്നും അധിക ഹാൻഡ്ലിംഗ് ചാർജ്ജും ലഭിക്കുന്നില്ല. സഹകരണവകുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ല ഉൾപ്പെടെ മലബാർ മേഖലയിൽനിന്നും നെല്ല് സംഭരണം നടത്തുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതാണ്.

(6) <u>മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ</u>

<u>ശ്രീ. ജോർജ് മേഴ്സിയർ</u> : മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കണം. തീരദേശമേഖലകളിൽ തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണം കഴിഞ്ഞ വർഷം വെറും 20 ദിവസം മാത്രമായിരുന്നു. അതിനുകൂടി ഒരു പരിഹാരം ഉണ്ടാക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ്കുട്ടി)</u> : മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവൃത്തി മാത്രമേ ഈ പദ്ധതിയിൻകീഴിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. ഇതനുസരിച്ച് ഭവനനിർമ്മാണം തൊഴിലുറപ്പു പദ്ധതിയിൽ അനുവദിക്കുന്നില്ല. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിയിൽ ഭൂവികസന പ്രവൃത്തികൾ ചെയ്യാവുന്നതാണ്. വിവിധ ഭവനനിർമ്മാണ പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകളുടെ സ്ഥലമൊരുക്കൽ, അടിത്തറ നിർമ്മിക്കൽ, വാനം ഒരുക്കൽ എന്നിവ ഭൂവികസനത്തിന്റെ

ഭാഗമായി ഈ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിക്കു വേണ്ടിയുള്ള ഭൂവികസന പ്രവർത്തനങ്ങൾ ദേശീയ തൊഴിലുറപ്പ് പദ്ധതി യിൽപ്പെടുത്തി ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(7) ബേക്കലിൽ എയർസ്ട്രിപ്പ്

ശ്രീ. കെ.വി. കുഞ്ഞിരാമൻ : ബേക്കലിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരി ക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ബേക്കലിനെ അന്താരാഷ്ട്ര നിലവാരത്തി ലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കി വികസിപ്പിക്കുന്നതിന് 201 ഏക്കർ സ്ഥലം അക്വയർ ചെയ്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള 6 റിസോർട്ട് ഗ്രൂപ്പുകൾക്ക് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. 50 പേർക്ക് യാത്ര ചെയ്യാൻ പറ്റുന്ന ചെറുവിമാനങ്ങൾ ഇറക്കുന്നതിന് പെരിയാ വില്ലേജിൽ കരിയങ്കുണ്ടിൽ ഒരു എയർസ്ട്രിപ്പ് നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇതിനായി രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ സഹായം പ്രതീക്ഷിക്കു ന്നുണ്ട്.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2010 - ലെ കേരള ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ അതോറിറ്റി ബിൽ

ശ്രീ. സി.എം. ദിനേശ് മണി: 2010-ലെ കേരള ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജന സംസ്ക്കരണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.ജെ. തങ്കപ്പൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ): ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി പ്രത്യേക അതോറിറ്റി രൂപീകരിക്കേണ്ട ആവശ്യമില്ല. കേന്ദ്രസർക്കാർ 2000-ൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി മുനിസിപ്പൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് ചട്ടം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ മുനിസിപ്പാലിറ്റീസ് ആക്ടും കേരള പഞ്ചായത്തീരാജ് ആക്ടും ചട്ടങ്ങളും നിലവിലുണ്ട്. ഇതനുസരിച്ച് ഖരമാലിന്യ സംസ്ക്കരണത്തിനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപന

ങ്ങൾക്കാണ്. മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം നൽകുന്നതിനുള്ള ചുമതല കേന്ദ്രചട്ടം അനുസരിച്ച് മലിനീ കരണ നിയന്ത്രണബോർഡിനാണ്. മാത്രമല്ല സംസ്ഥാനത്തെ മാലിന്യമുക്ത പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് ശുചിത്വമിഷൻ രൂപീകരിച്ച് പ്രവർത്തി ക്കുന്നുമുണ്ട്. പഞ്ചായത്തീരാജ്, മുനിസിപ്പാലിറ്റീസ് ആക്ടുകൾ പ്രകാരം പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് നിരോധിച്ചിട്ടുണ്ട്. സ്വീവേജ് പ്രശ്നം പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് അർബൻ ഡെവലപ്മെന്റ് പ്രോജക്ട്, ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ എന്നിവയുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഖര-ദ്രവ മാലിന്യങ്ങളുടെ സംഭരണം, സംസ്ക്കരണം, നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച നടപടികൾ കേരള ജലഅതോറിറ്റിയും നിർവ്വഹിക്കു ന്നുണ്ട്. ഈ രീതിയിൽ ബഹുമുഖ പ്രവർത്തനങ്ങൾ നടത്തുന്നതിന് സംവി ധാനങ്ങൾ നിലവിലുള്ളപ്പോൾ പ്രത്യേകമായ ഒരു അതോറിറ്റി രൂപീകരി ക്കേണ്ടതിന്റെ ആവശ്യമില്ലാത്തതിനാൽ ഈ ബിൽ നിരാകരിക്കുന്നു.

<u>ശ്രീ. സി.എം. ദിനേശ് മണി</u>: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഖര-ദ്രവമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും അവയുടെ സംസ്ക്ക രണം ഉറപ്പാക്കുന്നതിനും കേരള ഖര-ദ്രവമാലിന്യ നിർമ്മാർജ്ജന സംസ്ക്ക രണ അതോറിറ്റി രൂപീകരിക്കേണ്ടത് ആവശ്യമാണ്. പൊതുനിരത്തുകൾ ശുചിയായി സൂക്ഷിക്കുകയും പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിന് ശുചിത്വം പരിപാലിക്കുകയും ചെയ്യുന്നതിന്റെ ചുമതല മുനിസിപ്പാലിറ്റി കൾക്കാണെങ്കിലും അത് നിർവ്വഹിക്കപ്പെടുന്നില്ല. സുപ്രീംകോടതി സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് ചട്ടം വിജ്ഞാപനം ചെയ്തിട്ടുണ്ട്. രണ്ടുകൊല്ലത്തിനുള്ളിൽ നഗരങ്ങളിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ ഖര

മാലിന്യ സംസ്ക്കരണം ഉറപ്പുവരുത്താൻ സമയം അനുവദിക്കുകയും ഇതിനായി ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുകയും ചെയ്തു. എന്നാൽ സുപ്രീംകോടതി 2002-വരെ സമയം നീട്ടിത്തന്നിട്ടും ഇന്നുവരെ അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. സ്വകാര്യ ഏജൻസികളെ ഇക്കാര്യം ഏൽപ്പിച്ചെങ്കിലും അവർ ഫലപ്രദമായി ഈ പ്രശ്നം കൈകാര്യം ചെയ്യുന്നില്ല. ഈ പശ്ചാത്തലത്തിലാണ് ഈ ബിൽ പരിഗണനയ്ക്കെടുക്കേണ്ടത്. ഒട്ടുമിക്ക സംസ്ഥാനങ്ങളും ഖര-ദ്രവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് മണ്ണിട്ടുമൂടിയാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇവിടെ അത് പ്രായോഗികമല്ല. പി.സി.ബി.-യ്ക്കാണ് മാലിന്യസംസ്ക്കരണം ഉറപ്പുവരുത്താനുള്ള ചുമതലയെങ്കിലും അവർക്കും അതിന് കഴിയുന്നില്ല. ജനങ്ങളുടേയും ജീവജാലങ്ങളുടേയും ആവാസവ്യവസ്ഥയെ തകിടം മറിക്കുന്ന ഈ അവസ്ഥയ്ക്ക് അടിയന്തിര പരിഹാരം ഉണ്ടാകണം. 2009-ലെ പരിസ്ഥിതി നയത്തിൽ പ്രതിപാദിക്കുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കണം. പ്ലാസ്റ്റിക്ക്, പാഴ്വസ്തുക്കൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതുമൂലം മാരകരോഗങ്ങൾ പിടിപെടാൻ സാധ്യത ഏറെയാണ്. വെർമി കമ്പോസ്റ്റിംഗ്, ഏറോബിക്ക് കമ്പോസ്റ്റിംഗ്, മെക്കാനിക്കൽ കമ്പോസ്റ്റിംഗ് തുടങ്ങിയ വികേന്ദ്രീകൃത മാർഗ്ഗങ്ങളിലൂടെ മാലിന്യ സംസ്ക്കരണം നടത്തണമെന്നും മാലിന്യ സംസ്ക്കരണം നടത്തുന്നതിന് മാലിന്യമുണ്ടാക്കുന്നവരിൽ നിന്ന് മിതമായ ഫീസ് ഈടാക്കണമെന്നുമുള്ള സുപ്രീംകോടതി നിർദ്ദേശം വർഷങ്ങളായി തദ്ദേശസ്ഥാപനങ്ങൾ നടപ്പാക്കുന്നില്ല. ഖരമാലിന്യം ശേഖരിച്ച് സംസ്ക്കരിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ ദ്രവമാലിന്യം സംസ്ക്കരിക്കുന്നതിന്

വാട്ടർ അതോറിറ്റിക്കോ സാധിച്ചിട്ടില്ല. ഗവൺമെന്റിന്റെ നഗരവികസനവുമായി ബന്ധപ്പെട്ട കർമ്മപരിപാടിയിൽ ഖരമാലിന്യത്തെക്കുറിച്ചും ദ്രവമാലിന്യത്തെക്കുറിച്ചും സ്വീവറേജ് മാലിന്യങ്ങളെക്കുറിച്ചും പറയുന്നുണ്ടെങ്കിലും ദ്രവമാലിന്യത്തെ, വിശേഷിച്ചും മനുഷ്യവിസർജ്യ മാലിന്യം സംസ്ക്കരിക്കുന്ന കാര്യം ഗവൺമെന്റോ കേരളത്തിലുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉൾപ്പെടെയുള്ള ഏജൻസികളോ ഗൗരവമായി എടുക്കുന്നില്ല. ഇത് കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിപ്പിക്കാനിടയുണ്ട്. ടൂറിസം ഡിപ്പാർട്ട്മെന്റും മാലിന്യ നിർമ്മാർജ്ജനത്തിന് വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ല. മാലിന്യ സംസ്ക്കരണത്തിന് ധാരാളം പദ്ധതികളും കർമ്മപരിപാടികളും ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും അവ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മോഡേൺ ടെക്നോളജി ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു കേന്ദ്രീകൃത അതോറിറ്റിക്ക് രൂപം നൽകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കേരളത്തിൽ ജനസാന്ദ്രത കൂടുതലുള്ളതുകൊണ്ട് പ്രായോഗിക ബുദ്ധിമുട്ടുണ്ടെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്ക്കരണത്തിന് മുൻകയ്യെടുക്കുന്നുണ്ട്. സ്വകാര്യ ആശുപത്രികളിലെ ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡ് ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. ഖര-ദ്രവ മാലിന്യങ്ങൾ അതാത് സ്ഥലത്ത് പ്രാദേശികമായി സംസ്കരിക്കുന്നതിനുള്ള മാർഗ്ഗം സംസ്ഥാനത്തുണ്ട്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പിലാക്കാനുള്ള തീരുമാനമെടുക്കുകയാണ് വേണ്ടത്. ഖര-ദ്രവ മാലിന്യ

നിർമ്മാർജ്ജനത്തിനായി ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കണമെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 2011 ആകുമ്പോൾ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള വിതരണ പദ്ധതികൾ തുടങ്ങിയവയുൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധി യിൽ വരണമെന്നാണ് ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പോളിസിയും പോളിസി ഗൈഡ് ലൈനും. വൻകിട നഗരങ്ങളിൽ Jawaharlal Nehru National Urban Renewal Mission (JNNURM) പദ്ധതി പ്രകാരവും ചെറുകിട-ഇടത്തരം നഗരങ്ങളിൽ Urban Infrastructure Development Scheme for Small and Medium Towns (UIDSSMT) പദ്ധതി പ്രകാരവു മുള്ള രണ്ട് സ്കീമുകൾ ഭാരത് നിർമ്മാൺ പദ്ധതിയനുസരിച്ചാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ പ്ലാൻ ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി കേര ളത്തിലെ ഏതാണ്ട് 14 മുനിസിപ്പാലിറ്റികളിലും രണ്ട് കോർപ്പറേഷനുകളിലും വേസ്റ്റ് വാട്ടർ മാനേജ്മെന്റിന്റെ കാര്യത്തിലും കുടിവെള്ള സെക്ടറിലും ഫണ്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. ഒരു അതോറിറ്റി രൂപീകരിച്ചാൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭരണഘടനാനുസൃതമായി നിക്ഷിപ്തമായിട്ടുള്ള അധികാര ങ്ങൾ എടുത്തുമാറ്റുന്നതിന് സമാനമായ സാഹചര്യം സൃഷ്ടിക്കും. മാലിന്യ സംസ്ക്കരണത്തിനായി കേരളത്തിലാകെ വൻകിടസംരംഭങ്ങൾ ആവശ്യമായി വരുന്ന സ്ഥിതിയുണ്ട്. പല പഞ്ചായത്തുകളിലും സ്ഥാപിച്ചിട്ടുള്ളതുപോലെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതുപോലെയുള്ള വേസ്റ്റ് മാനേജ്മെന്റ് പ്രക്രിയയ്ക്ക് രൂപം

നൽകേണ്ടതുണ്ട്. 30-50 ഫ്ളാറ്റുകളുള്ള കെട്ടിടമാണെങ്കിൽ ആ കെട്ടിട സമുച്ചയത്തിൽത്തന്നെ കെമിക്കൽ പ്രോസ്സസ് മുഖാന്തിരം വേസ്റ്റ് മാനേജ് ചെയ്യാനുള്ള പുതിയ ടെക്നോളജി അന്തർദേശീയതലത്തിൽ വന്നിട്ടുണ്ട്. ആ നിലയിൽ ഇതിനൊരു കേന്ദ്രീകൃത സ്വഭാവമുണ്ടാകേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റി തന്നെയാണ് ദ്രവമാലിന്യങ്ങൾ മാനേജ് ചെയ്യുന്നതിനുള്ള അതോറിറ്റിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതയുണ്ട്. ജൻറം പദ്ധതിയിലുൾപ്പെടുത്തി 105 ദശലക്ഷം ലിറ്റർ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം പുരോഗതിയിലാണ്. സോളിഡ് വേസ്റ്റ് മാനേജ്മെന്റിനായി തദ്ദേശഭരണ വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക സംവിധാനമുണ്ടാക്കി അത് മോണിറ്റർ ചെയ്യുന്നതിനും പ്രോഗ്രസ്സ് വിലയിരുത്തുന്നതിനും പ്രത്യേക ഫോക്കസ് കൊടുക്കുന്ന പ്രോഗ്രാമിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.)

## (ii) <u>2010-ലെ കേരള അംഗീകൃത അൺ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കുള്ള ക്ഷേമനിധി ബിൽ</u>

<u>ശ്രീ. ബി. ബാബു പ്രസാദ്</u>: 2010-ലെ കേരള അംഗീകൃത അൺ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. മുരളി</u> : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി)</u> : വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന ഫീസിനെ ആശ്രയിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ന്യായമായ ശമ്പളവും ആനുകൂല്യങ്ങളും സ്ക്കൂൾ അധികൃതർ

നൽകേണ്ടതാണ്. എന്നാൽ ന്യായമായ ശമ്പളം നൽകാത്തതുസംബന്ധിച്ച് പരാതികൾ ഉയർന്നുവന്നിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. നിലവിലുള്ള നിയമത്തിൽ ഇവർക്ക് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ട്. സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന തരത്തിൽ അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പ്രായോഗികമല്ല. അൺ-എയ്ഡഡ് മേഖലകളിലെ അധ്യാപകരെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥതലത്തിൽ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ അംഗീകൃത അൺ-എയ്ഡഡ് സ്കൂൾ മാനേജുമെന്റുകളുമായി ചർച്ച ചെയ്ത് എത്രമാത്രം കാര്യങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന കാര്യം പരിശോധിക്കുന്നതാണ്. മാനേജ്മെന്റുകളുടെ അസോസ്സിയേഷൻ ഇവരുടെ ശമ്പളം വർദ്ധിപ്പിക്കാൻ കഴിയില്ലെന്ന നിലപാട് എടുത്തിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തെ ആവശ്യം നിറവേറ്റാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റ് സ്കൂളുകളും എയ്ഡഡ് സ്കൂളുകളും സംസ്ഥാനത്ത് സാർവ്വത്രികമായതുകൊണ്ടും കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി നിശ്ചിത ദൂരപരിധിക്കുള്ളിൽ പഠനസൗകര്യം ഇല്ലാത്ത പ്രദേശങ്ങളുണ്ടോയെന്ന കാര്യവും സർക്കാർ പരിശോധിക്കുന്നതാണ്. അൺ-എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് ഒരു പൊതുസമീപനം മാത്രമേ ഗവൺമെന്റിന് എടുക്കാൻ കഴിയുകയുള്ളൂ. സ്വാശ്രയമേഖലയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള ബാധ്യത ഏറ്റെടുക്കാൻ ഗവൺമെന്റിന് പ്രയാസമാണ്.

ശ്രീ. ബി. ബാബു പ്രസാദ് : കേരളത്തിൽ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണത്തിനനുസരിച്ചുള്ള തൊഴിലവസരങ്ങൾ

ഉണ്ടാകാത്തതുകൊണ്ടാണ് അൺ-എയ്ഡഡ് സ്കൂളുകളെ ആശ്രയിച്ച് മാനേജ്മെന്റ് കൊടുക്കുന്ന കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നത്. കേന്ദ്രീകൃത സിലബസ് പാഠ്യവിഷയമായിട്ടുള്ള സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യയനം കേരളത്തിലെ വിദ്യാഭ്യാസ നിലവാരവും റിസൽറ്റും മെച്ചപ്പെടുത്താൻ സഹായകരമാകുന്നുണ്ട്. മാനേജുമെന്റുകൾ അദ്ധ്യാപകരിൽനിന്നും വൻതുക സെക്യൂരിറ്റി ഡെപ്പോസിറ്റായി വാങ്ങിയാണ് സ്കൂളുകളിൽ പഠനസൗകര്യങ്ങളും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നത്. പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളവും മറ്റും വളരെ തുച്ഛമാണ്. എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് കൊടുക്കുന്ന അവകാശങ്ങൾ അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും നൽകണം. സ്വകാര്യമാനേജുമെന്റ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സർക്കാർ സമയാസമയങ്ങളിൽ ഇടപെടുകയും അവിടെ നടക്കുന്ന അനീതികൾ അവസാനിപ്പിക്കുകയും ചെയ്യണം. ദീർഘനാളത്തെ സമരത്തിനുശേഷം മാനേജുമെന്റ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഡയറക്ട് പേമെന്റ് നടപ്പിലാക്കിയതിനുശേഷം അതിനനുസരിച്ചുള്ള ഗുണഫലങ്ങൾ ആ മേഖലയിലുണ്ടായിട്ടുണ്ട്. അൺ-എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ അഞ്ച് ലക്ഷത്തോളം അദ്ധ്യാപകർ പണിയെടുക്കുന്നുണ്ട്. ആ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനോ ജോലി ലഭിക്കുന്നതിനോ തടസ്സമില്ല. എന്നാൽ അവിടത്തെ അദ്ധ്യാപകർ രണ്ടും മൂന്നും ലക്ഷം രൂപ തലവരിപ്പണം കൊടുത്താലും തൊഴിലിന് യാതൊരുവിധ സുരക്ഷിതത്വവുമില്ല. മുപ്പതുവർഷത്തോളം ജോലി ചെയ്താലും പെൻഷനും കിട്ടുന്നില്ല. അദ്ധ്യാപകരെക്കൊണ്ട് ഒപ്പിടുവിക്കുന്ന ശമ്പളമെങ്കിലും ലഭ്യമാക്കാനുള്ള സാഹചര്യമുണ്ടാക്കണം. അവർക്ക് ക്ഷേമനിധി

ഏർപ്പെടുത്തുമ്പോൾ സർക്കാരിന്റെ വിഹിതം അടയ്ക്കാനുള്ള നടപടി സ്വീകരിക്കണം.

(ചർച്ച - തുടരും)

(iii) 2010-ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരന്മാർ ക്ഷേമനിധി ബിൽ

ശ്രീ. ബി. ബാബു പ്രസാദ് : 2010-ലെ കേരള കഥകളിയും മറ്റ് അനുഷ്ഠാന കലാകാരന്മാർ ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ.കെ.സി. ജോസഫ് : പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : കഥകളിയും മറ്റ് അനുഷ്ഠാനകലകളും തൊഴിലായി സ്വീകരിച്ച കലാകാരന്മാർക്ക് പെൻഷൻ നൽകുന്നതിന് ഉതകുന്ന തരത്തിൽ കേരള സംസ്ഥാന സാംസ്ക്കാരിക ക്ഷേമനിധിയുടെ രൂപീകരണം അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ പ്രത്യേകമായി ഒരു ക്ഷേമനിധി രൂപീകരിക്കേണ്ട ആവശ്യമില്ല എന്നതിനാൽ ബില്ലിനെ എതിർക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ് : സംസ്ഥാനത്ത് കഥകളിയിലും മറ്റ് അനുഷ്ഠാനകലകളിലുമായി പ്രവർത്തിക്കുന്ന കലാകാരന്മാരെ സംബന്ധിച്ച് ഒരു ക്ളാസ്സിഫിക്കേഷൻ നടത്തേണ്ടത് അത്യാവശ്യമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ചുരുക്കം ചിലർക്ക് സാമൂഹികമായി പല അംഗീകാരങ്ങളും ലഭിക്കുന്നുണ്ടെങ്കിലും സാമ്പത്തിക പരാധീനത നേരിടുന്നുണ്ട്. സ്ഥിരവരുമാനമില്ലാത്ത ഈ വിഭാഗത്തിന് വളരെ തുച്ഛമായ പ്രതിഫലമാണ് ലഭിക്കുന്നത്. പല കലാരൂപങ്ങളും ഇന്ന് അന്യംനിന്നുപോകുന്ന സാഹചര്യമാണുള്ളത്. കലാരൂപങ്ങൾ നിലനിർത്തുന്നതിനും അടുത്ത തലമുറയിലേയ്ക്ക്

കൊണ്ടുപോകുന്നതിനും കലാകാരന്മാർക്ക് നിസ്തുലമായ പങ്കാണ് വഹിക്കാനുള്ളത്. കല ജീവിതോപാസനയാക്കിയവർ വാർദ്ധക്യത്തിൽ ശാരീരിക അസുഖങ്ങളും സാമ്പത്തിക പ്രാരാബ്ധങ്ങളും നേരിടേണ്ടിവരുന്നു. ആയതിനാൽ മറ്റെല്ലാ തൊഴിലിനേയുംപോലെ ഈ കലകൾ തൊഴിലാക്കി സ്വീകരിക്കുന്നവർക്ക് ഒരു സഹായം നൽകുന്നതിന് വിവിധ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് ഒരു നിയമനിർമ്മാണം നടത്തണം. ഈ മേഖലയിൽ പരിമിതമായ കലാകാരന്മാർ മാത്രമേയുള്ളൂ എന്നുള്ളതുകൊണ്ട് അംശദായം അടയ്ക്കേണ്ടിവന്നാലും ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ല.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഈ മേഖലയിലെ കലാകാരന്മാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണ നടപടികളുമായിട്ട് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ ബില്ലിന്റെ ആവശ്യമില്ല.

(ചർച്ച തുടരും)

(iv) 2010-ലെ കേരള സാമൂഹ്യപ്രവർത്തക ക്ഷേമനിധി ബിൽ

ശ്രീ. എം. മുരളി: 2010-ലെ കേരള സാമൂഹ്യപ്രവർത്തക ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കേരളത്തിൽ സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനുവേണ്ടി ബില്ലിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നത് അപ്രായോഗികമാണ്. സാമൂഹ്യപ്രവർത്തകർ എന്ന നിലയ്ക്ക്

ആരെയൊക്കെ ഇതിൽ ഉൾപ്പെടുത്തണമെന്നത് നിശ്ചയിക്കുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. 65 വയസ്സു കഴിഞ്ഞവർക്കുള്ള ക്ഷേമ പെൻഷനുകൾക്ക് പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. വയോജന ങ്ങൾക്ക് പെൻഷനും സൗജന്യചികിൽസയ്ക്കുമുള്ള പദ്ധതിയെക്കുറിച്ച് സർക്കാർ പരിഗണിച്ചുകൊണ്ടിരിക്കുമ്പോൾ സാമൂഹ്യപ്രവർത്തകർക്ക് മാത്രമായി ഒരു പദ്ധതി രൂപീകരിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണം.

<u>ശ്രീ. എം. മുരളി</u>: ഇന്ത്യയ്ക്കു മാതൃകയാകത്തക്കരീതിയിൽ ക്ഷേമ പദ്ധതികളും പെൻഷൻ പദ്ധതികളും ആവിഷ്ക്കരിക്കുകയും ഓരോ മേഖല യിലും പ്രവർത്തിച്ചവർക്ക് സംരക്ഷണം ലക്ഷ്യംവച്ചുകൊണ്ടുള്ള കർമ്മപരി പാടികൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. നിയമപരമായി വരുമാന മാർഗ്ഗം ഇല്ലാത്തവരായ സാമൂഹ്യപ്രവർത്തകരെ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരുന്നത്. ജനപ്രതിനിധികളായ രാഷ്ട്രീയ പ്രവർത്തകർ ഒഴികെ സ്വാതന്ത്ര്യസമര കാലഘട്ടത്തിലോ അതിനു ശേഷമോ തത്വാധിഷ്ഠിത രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്നവരെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് തന്നെ ഏറ്റെടുക്കണം. സമൂഹത്തിനുവേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്ത കർക്കുള്ള ജീവിതസംരക്ഷണമാണ് ഈ ബില്ലിൽ പ്രധാനമായും ഉദ്ദേശിക്കു ന്നത്. സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരിക പ്രവർത്തകർ പ്രതിഫലം ഇച്ഛിക്കാത്ത നിസ്വാർത്ഥമതികളായ ജനസേവകരാണ്. സ്വാതന്ത്ര്യ സമര കാലഘട്ടം മുതൽ കേരളത്തിലേയും ഭാരതത്തിലേയും സാമൂഹ്യപ്രവർത്തകന്മാർ ആദർശധീരരും യഥാർത്ഥ ജനസേവകരുമാണ്.

എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരാണ്. സാമൂഹ്യ പ്രവർത്തകരിൽത്തന്നെ സ്വന്തം വരുമാനം ഉള്ളവരേയും സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ പ്രതിഫലംപറ്റി ജോലി ചെയ്യുന്നവരേയും ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കാവുന്നതാണ്. 24 മണിക്കൂറും പൊതുപ്രവർത്തനത്തിനും ജനസേവനത്തിനും മാറ്റിവച്ചവർ രോഗങ്ങളോ അപകടങ്ങളോ ഉണ്ടാകുമ്പോഴും വാർദ്ധക്യത്തിൽ എത്തുമ്പോഴും എല്ലാ അർത്ഥത്തിലും അനാഥരായിപ്പോകുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഒരു പരിഷ്കൃത ജനാധിപത്യസമൂഹത്തിന് വിലപ്പെട്ട സേവനങ്ങൾ അർപ്പിക്കുന്ന സാമൂഹ്യപ്രവർത്തകരെ അംഗീകരിക്കാനും സംരക്ഷിക്കാനുമുള്ള ഉദാത്തമായ ബാദ്ധ്യത ഭാരത സമൂഹത്തിന് മാതൃകയായി കേരളം നിർവ്വഹിക്കണം.

(ചർച്ച തുടരും)

(3) <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർചർച്ച</u>

(i) <u>2006-ലെ കേരള നെൽകൃഷി വികസന അതോറിറ്റി ബിൽ</u>
(തുടർ ചർച്ച)

(നോട്ടീസ് നൽകിയ ശ്രീ. എം. ഹംസ സഭയിൽ ഇല്ലാത്തതിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല.)

(ii) <u>2008-ലെ കേരള ന്യൂനപക്ഷ കമ്മീഷൻ ബിൽ</u>

(തുടർ ചർച്ച)

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : എല്ലാ സംസ്ഥാനങ്ങളിലും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണമെന്ന ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ ശുപാർശ കേരളത്തിലും നടപ്പിലാക്കണം. ന്യൂനപക്ഷങ്ങൾക്കുള്ള പരിരക്ഷയും

ക്ഷേമവും ലക്ഷ്യമാക്കി ഉണ്ടാക്കിയിട്ടുള്ള വിവിധ നിയമങ്ങൾ, പദ്ധതികൾ എന്നിവയുടെ ഗുണഫലങ്ങൾ ന്യൂനപക്ഷവിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനും അവ മോണിട്ടർ ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് നൽകുന്നതിനും ന്യൂനപക്ഷാവകാശലംഘനങ്ങളെക്കുറിച്ചുള്ള പരാതികൾ പരിശോധിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കണം. ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പാലോളി-സച്ചാർ കമ്മിറ്റികളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. ഉറുദു ഐ. ടി. ഐ.-കൾ സ്ഥാപിക്കാനുള്ള നടപടിയും പ്രധാനമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിലുള്ള സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ കുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക കേരളത്തിലും ലഭ്യമാക്കുന്നതിനും ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങൾ തടയാനും ന്യൂനപക്ഷ കമ്മീഷൻ രൂപീകരണം ആവശ്യമാണ്. തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളെ വിദ്യാസമ്പന്നരാക്കുന്നതിനും ന്യൂനപക്ഷ മേഖലയിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുംവേണ്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കമ്മീഷൻ അനിവാര്യമാണ്. പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷങ്ങളെ സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(ചർച്ച തുടരും)

## (iii) 2007-ലെ കേരള ഉൾനാടൻ ജല-ജലവിഭവ സംരക്ഷണ ബിൽ

(തുടർ ചർച്ച)

<u>ശ്രീ. എം. മുരളി</u> : ഈ ബിൽ നേരത്തേ അവതരിപ്പിച്ച് ചർച്ച നടന്നപ്പോൾ അന്ന് ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞത് ഇത്തരത്തിലൊരു നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നു എന്നാണ്. ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള ബിൽ സഭയുടെ മുന്നിൽ വന്നിട്ടില്ല. ഉൾനാടൻ ജലാശയ ങ്ങളും ജലസമ്പത്തും സംരക്ഷിക്കാൻ ഒരു നിയമനിർമ്മാണം അത്യാവശ്യ മാണ്. കേരളത്തിലെ ഉൾനാടൻ ജലസമ്പത്ത് പാരിസ്ഥിതികമായ ആസൂത്രണവൈകല്യം നിമിത്തം അനുദിനം നശിച്ചുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റ് ഏജൻസികളോ ഇതിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഒരു അതോറിറ്റി രൂപീകരിക്കണം. നദികൾ, കായലുകൾ, തോടുകൾ, കുളങ്ങൾ, പാടശേഖരങ്ങൾ, ചതുപ്പ്, കണ്ടൽ വനപ്രദേശങ്ങൾ എന്നിവ ഒത്തുചേർന്ന ഉൾനാടൻ ജലസമ്പത്ത്. സംരക്ഷിക്കുന്നതിന് ഇവിടെ സർക്കുലേറ്റ് ചെയ്തിട്ടുള്ള ബിൽ എത്രയും വേഗം നിയമമാക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ</u> ) : 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും സംബന്ധിച്ച ആക്ടിന്റെ ഭേദഗതിയായി ഉൾനാടൻ ജലാശയങ്ങൾ സംരക്ഷി ക്കുന്നതിന് ഗവൺമെന്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ബില്ലിൽ ഇക്കാര്യങ്ങ ളെല്ലാം ഉൾപ്പെടുന്നുണ്ട്. ആ ബിൽ നിയമവകുപ്പ് അംഗീകരിച്ച് റവന്യൂ വകു പ്പിന്റെ അഭിപ്രായത്തിന് വിട്ടിരിക്കുകയാണ്. എത്രയുംപെട്ടെന്ന് നിയമസഭയിൽ കൊണ്ടുവരാൻ സാധിക്കും. ഇത്തരമൊരു ബിൽ കൊണ്ടുവ ന്നതിന് ശ്രീ. മുരളിയെ അഭിനന്ദിക്കുകയാണ്.

(ശ്രീ. എം. മുരളി അവതരിപ്പിച്ച ബിൽ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.)

(സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു).